ചായം സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച വിജിലൻസ് അന്വേഷണം

103 (7939) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ചായം സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കേസിലെ പ്രതികൾ ആരെക്കെയാണെന്നുള്ള വിശദാംശങ്ങൾ പേര്, തസ്തിക, ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്നീ ക്രമത്തിൽ വ്യക്തമാക്കുമോ ;

(സി) വിജിലൻസ് കേസിൽ പ്രതിയായ ചായം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ സസ്പെൻഡു ചെയ്യാനുള്ള സഹകരണ വകുപ്പിന്റെ ഉത്തരവ് പ്രസ്തുത ബാങ്കിന്റെ ഭരണസമിതി നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ആയതു നടപ്പിലാക്കാത്ത ഭരണസമിതിയുടെ വിശദീകരണം സർക്കാർ തേടിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഭരണ സമിതിക്കെതിരെ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത ഭരണസമിതിയെ ഇക്കാര്യത്തിൽ പിരിച്ചുവിടാതിരിക്കുന്നതിനുള്ള നിയമതടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചായം സർവ്വീസ് സഹകരണ ബാങ്കിനെതിരായ വിജിലൻസിന്റെ സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം യൂണിറ്റിൽ വി.സി. 07/13/ടി.വി.എം. നമ്പർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം പ്രതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീമതി ജി. കെ. ഷൈല കുമാരി, സെക്രട്ടറി
2. ശ്രീ. എൻ. ശശിധരൻ നായർ, ബോർഡ് മെമ്പർ
3. ശ്രീ. കെ. വിശ്വംഭരൻ നായർ, ബോർഡ് മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. എസ്. ജയേന്ദ്രകുമാർ, ബോർഡ് മെമ്പർ
5. ശ്രീ. എം. അയൂബ്, ബോർഡ് മെമ്പർ
6. ശ്രീ. എൻ. പുഷ്പാംഗദൻ നായർ, ബോർഡ് മെമ്പർ
7. ശ്രീ. എം. എ. സലിം, ബോർഡ് മെമ്പർ
8. ശ്രീ. അബ്ദുൾ അസീസ്, ബോർഡ് മെമ്പർ
9. ശ്രീമതി എസ്. തങ്കമണി, ബോർഡ് മെമ്പർ
10. ശ്രീ. സി. എസ്. പ്രവീൺ, ബോർഡ് മെമ്പർ

ബാങ്കിൽ വ്യാജ അംഗത്വം നൽകി വായ്പാ വിതരണം നടത്തിയതും പൊതുഫണ്ട് ബാങ്ക് താൽപര്യത്തിന് വിരുദ്ധമായി ചെലവഴിച്ചതും ജീവനക്കാരുടെ പോഷക വിഭാഗം ഉപ നിബന്ധനകൾക്ക് വിരുദ്ധമായി ജീവനക്കാരന് ഉദ്യോഗക്കയറ്റം നൽകിയതുമാണ് മേൽപ്പറഞ്ഞവർക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള പ്രധാന കുറ്റങ്ങൾ.

(സി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ബാങ്ക് സെക്രട്ടറിയെ സസ്പെന്റ് ചെയ്യുന്നതിന് 22-4-2014-ലെ സർക്കാർ കത്ത് നമ്പർ 3163/സി1/2010/സഹ പ്രകാരം സഹകരണ രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ നിർദ്ദേശം ബാങ്ക് ഭരണ സമിതി നടപ്പിലാക്കിയിട്ടില്ലെന്ന് രജിസ്ട്രാർ ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി&ഇ) സർക്കാർ/സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശം നടപ്പിലാക്കാത്തതിനെ തുടർന്ന് ബാങ്ക് ഭരണസമിതിയോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ജോയിന്റ് രജിസ്ട്രാർ കത്ത് നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാത്തപക്ഷം ഭരണ സമിതിക്കെതിരെ കേരള സഹകരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ചായം സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം പിരിച്ചുവിട്ടുകൊണ്ട് ജോയിന്റ് രജിസ്ട്രാർ നൽകിയ ഉത്തരവ് അസ്ഥിരപ്പെടുത്തി ബഹുമാനപ്പെട്ട ഹൈക്കോടതി 28832/2009 നമ്പർ റിട്ട് പെറ്റീഷനിൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

104 (7940) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്ര പദ്ധതികൾ ഏതെല്ലാം; ഓരോ വകുപ്പിനും കേന്ദ്രവിഹിതമായി 2013-14 വർഷത്തിൽ എത്ര തുക ലഭ്യമായി എന്ന് പദ്ധതിയുടെ അടിസ്ഥാനത്തിൽ വിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly